# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1517.

**06-03-2017 ൽ മറുപടിയ്ക്ക്**

## കർഷകന്റെ വാർഷിക അറ്റാദായം

**ചോദ്യം**
ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 5 ഏക്കർ നെൽകൃഷിയുള്ള ഒരു കർഷകന്റെ വാർഷിക അറ്റാദായം എത്ര രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്? | (എ) | നെൽകൃഷി ഉല്പാദനച്ചെലവ് സംസ്ഥാന സാമ്പത്തികസ്ഥിതി വിവര വകുപ്പിന്റെ 2013 2014-ലെ റിപ്പോർട്ട് പ്രകാരം വിരിപ്പ, മുണ്ടകൻ, പുഞ്ച സീസണിലെ നെൽകൃഷി ഉല്പാദനച്ചെലവും അറ്റാദായം സംബന്ധിച്ച വിവരവും ഇപ്രകാരമാണ്.<br><br><u>വിരിപ്പസീസൺ (2.5 ഏക്കറിന്) രൂപ</u><br>ചെലവ്-53142.00 ഉല്പന്ന വില-67218.00<br>അറ്റാദായം-14076/-രൂപ<br>5 ഏക്കറിന് അറ്റാദായം-28152/-രൂപ<br><u>മുണ്ടകൻ സീസൺ (2.5 ഏക്കറിന്) രൂപ</u><br>ചെലവ്-50166.00 ഉല്പന്നവില-68643.00<br>അറ്റാദായം-18477/-രൂപ<br>5 ഏക്കറിന് അറ്റാദായം-36954/-രൂപ<br><u>പുഞ്ച സീസൺ (2.5 ഏക്കറിന്) രൂപ</u><br>ചെലവ്-50674.00 ഉല്പന്നവില-70550.00<br>അറ്റാദായം-19876/-രൂപ<br>5 ഏക്കറിന് അറ്റാദായം-39752/-രൂപ |
| (ബി) | നെൽകൃഷിയ്ക്ക് മുൻവർഷത്തേതിൽ നിന്നും വ്യത്യസ്തമായി ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | നെൽകൃഷിയ്ക്ക് മുൻവർഷത്തേതിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഹെക്ടറിന് 30000/ രൂപ ധനസഹായം നൽകി 2900 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷിയും |

ഹെക്ടറിന് 13600/ രൂപ സബ്സിഡി നൽകി 2752.092 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും. ഹെക്ടറിന് 10000/- രൂപ ധനസഹായം നിരക്കിൽ 94 ഹെക്ടർ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പുതിയ ബഡ്ജറ്റ് അംഗീകരിക്കുന്നതോടെ നെൽ കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകാനാകും. മുൻവർഷത്തേതിനേക്കാൾ ഇരട്ടിയോളം തുക ഈ വർഷത്തെ ബഡ്ജറ്റിൽ നെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ